(സി) വിശദ വിവരങ്ങൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) പദവി ഉയർത്തിയ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

നൂറുദിന കർമ്മ പരിപാടിയും വിദ്യാഭ്യാസ വകുപ്പിലെ ഫയൽ തീർപ്പാക്കലും

182 [1445] ശ്രീമതി ഗിരിജ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയിൽപ്പെടുത്തി വിദ്യാഭ്യാസ വകുപ്പിൽ എത്ര ഫയൽ ക്ലോസ് ചെയ്തു; ഇതിൽ അവസാന തീരുമാനമായവ എത്ര;

(ബി) വിദ്യാഭ്യാസ വകുപ്പിൽ കുടിശ്ശികയായി ഇനിയും അവശേഷിക്കുന്ന ഫയലുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിൽ 5249 ഫയലുകളും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ 2366 ഫയലുകളും തീർപ്പാക്കി. വിദ്യാഭ്യാസ വകുപ്പിൽ ഡയറക്ടറേറ്റിലും ഡയറക്ടറുടെ കീഴിലുള്ള മറ്റ് ഓഫീസുകളിലേയും വിവരം ശേഖരിച്ചുവരുന്നു.

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിൽ 5751 ഫയലുകളും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ 3153 ഫയലുകളും കുടിശ്ശികയായി അവശേഷിക്കുന്നു.

ചവറ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

183 [1461] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം എത്ര സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങിയെന്നും ഏതെല്ലാം കോളേജുകളിലാണെന്നും വിശദമാക്കാമോ;

(ബി) എത്ര എയ്ഡഡ് കോളേജുകളിലും എത്ര അൺ എയ്ഡഡ് കോളേജുകളിലും പുതിയ കോഴ്സുകൾ തുടങ്ങി; ഓരോ കോളേജുകളുടെയും പേർ വെളിപ്പെടുത്താമോ;

(സി) ചവറ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിച്ച 2 ഗവൺമെന്റ് കോളേജുകളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly